LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മിഷൻ 676 പദ്ധതിയിൽപ്പെട്ട കൃഷിരക്ഷാപദ്ധതിയുടെ നടത്തിപ്പിനായി മലയാറ്റൂർ, വാഴച്ചാൽ എന്നീ ഡിവിഷനുകൾക്ക് 3 ലക്ഷം രൂപ വീതം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) ടി ഇക ഉപയോഗിച്ച് മലയാറ്റൂർ ഡിവിഷനിലെ കോടനാട് റെയ്ഞ്ചിൽ സൗരോർജ്ജ വേലികൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളും വാഴച്ചാൽ ഡിവിഷനിൽ സൗരോർജ്ജ വേലികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികളും നടന്നുവരുന്നു.

(സി) ജൂൺ മാസത്തിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി സൗരോർജ്ജ വേലികളുടെ നിർമ്മാണം ഉടനടി ആരംഭിക്കുന്നതാണ്.

ഇക്കോ കേഡറ്റ് കോർ

269(3091) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പ് ഇക്കോ കേഡറ്റ് കോർ രൂപീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് ; വിശദമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതി സംരക്ഷണത്തിന് ഭാവിതലമുറയെ (സ്കൂൾ വിദ്യാർത്ഥികൾ) സജ്ജമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

വിദ്യാർത്ഥികളെ ഉത്തരവാദപ്പെട്ട പ്രകൃതി പരിപാലകരാകാൻ പ്രാപ്തരാക്കുക, പ്രകൃതിയെ തിരിച്ചറിയുന്നതിനും പ്രകൃതിയോട് ഇഷ്ടം തോന്നുന്നതിനും, ബഹുമാനിക്കുന്നതിനും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും ആവാസ വ്യവസ്ഥകൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

(സി) വിദ്യാഭ്യാസ വകുപ്പിന്റേയും പരിസ്ഥിതി സംഘടനകളുടേയും സഹകരണത്തോടെയാണ് വനം വകുപ്പ് ഇക്കോ കേഡറ്റ് കോർ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിലാണ് ടി പദ്ധതി പ്രാഥമികമായി നടപ്പിലാക്കുന്നത്. തെരഞ്ഞെടുത്ത ഓരോ ജില്ലയിലേയും 10 സ്കൂളുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓരോ സ്കൂളുകളിൽനിന്നും 20 വിദ്യാർത്ഥികൾ എന്ന ക്രമത്തിൽ ഒരു ജില്ലയിൽനിന്നും 200 വിദ്യാർത്ഥികളെ വീതം ഇപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ഇത്തരത്തിൽ 5 ജില്ലകളിലായി 50 സ്കൂളുകളിൽനിന്നും ആകെ 1000 വിദ്യാർത്ഥികളെ ഇക്കോ കേഡറ്റ് കോർപ്സിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇക്കോ കേഡറ്റ് കോർപ്സുമായി ബന്ധപ്പെട്ടുള്ള മറ്റ് നടപടികൾ തുടർന്നുവരുന്നു.

മറയൂർ ചന്ദനമോഷണ കേസ്സുകൾ

270(3092) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മറയൂരിൽ ഉണ്ടായ ചന്ദന മോഷണങ്ങളെക്കുറിച്ചുള്ള കേസ്സുകളെക്കുറിച്ച് വർഷം തിരിച്ച് വ്യക്തമാക്കുമോ ; ഈ കേസ്സുകളിൽ പൂർണ്ണമായി പ്രതികളെ കണ്ടെത്തിയ കേസ്സുകളും ഭാഗികമായി പ്രതികളെ കണ്ടെത്തിയ കേസ്സുകളും ഒരു പ്രതിയേയും കിട്ടാത്ത കേസ്സുകളും എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മറയൂരിലെ ചന്ദന മോഷണ കേസ്സുകളിൽ റിസർവ് വനത്തിലെ കേസ്സുകളും, സ്വകാര്യ ഭൂമിയിലെ കേസ്സുകളും എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മറയൂരിലെ ചന്ദന മോഷണങ്ങൾ വർദ്ധിച്ചത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly